പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1886

01.02.2018 ൽ
മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.പി. സജീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ സ്പെഷ്യൽ റൂൾസ് പുറത്തിറക്കിയിട്ടുണ്ടോ; | എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് സംബന്ധിച്ച് 29.12.2017 ലെ GO(P)No.12/2017/P&ARD ഉത്തരവ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തോടു കൂടിയാണോ പ്രസ്തുത സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചത്; ഇല്ലെങ്കിൽ സബ്ജക്ട് കമ്മിറ്റിയെ മറികടന്ന് പ്രസ്തുത റൂൾ പുറത്തിറക്കുവാനുള്ള കാരണമെന്താണ്; വ്യക്തമാക്കുമോ; | ബി) ഇല്ല. സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) സർക്കാർ ജീവനക്കാരിൽ നിന്നും കെ.എ.എസിലേയ്ക്ക് നിയമനം ലഭിക്കുന്ന രണ്ട് സ്കീമുകളിൽ പട്ടികജാതി പിന്നോക്ക വിഭാഗങ്ങളുടെ സംവരണം പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്; വിശദമാക്കുമോ; | സി) നേരിട്ട് നിയമനം നടത്തുന്ന സ്കീം 1 ൽ പൊതുസംവരണ തത്വങ്ങൾ പാലിച്ചാണ് നടത്തുന്നത്. സർക്കാർ ജീവനക്കാർക്കുള്ള മറ്റ് രണ്ട് സ്കീമുകളിലെ നിയമനം തസ്തികമാറ്റ നിയമനങ്ങളായതിനാൽ സംവരണം ബാധകമല്ല. |
| ഡി) സംവരണ നിഷേധത്തിനെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു;വ്യക്തമാക്കുമോ; | ഡി) ലഭിച്ചിരുന്നു. വിവിധ മാനദണ്ഡങ്ങൾ പരിശോധിച്ചും സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയതിനും പി.എസ്.സി. യുമായി കൂടിയാലോചിച്ചതിന് ശേഷമാണ് വിശേഷാൽ ചട്ടങ്ങൾക്ക് അന്തിമമായി അംഗീകാരം നൽകിയത്. |
| ഇ) ആകെയുള്ള തസ്തികകളിൽ മൂന്നിൽ രണ്ട് ഭാഗം തസ്തികകളും സംവരണത്തിൽ നിന്നും മാറ്റി നിർത്തിയത് സാമൂഹ്യനീതിയുടെ നിഷേധമാവുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ഇ) നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലേയ്ക്ക് നിലവിലുള്ള സംവരണതത്വങ്ങൾ പാലിച്ച് നിയമനം നടത്തുന്നതിനാൽ സാമൂഹ്യനീതി ഉറപ്പുവരുത്താൻ കഴിയും. |

സെക്ഷൻ ഓഫീസർ